**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 325 — 21.06.2018 -ൽ മറുപടിക്ക്

## അഡ്വഞ്ചർ ടൂറിസം പ്രോൽസാഹനം

ചോദ്യം

ശ്രീ. കെ.ഡി. പ്രസേനൻ
ശ്രീ. ആന്റണി ജോൺ
ശ്രീ. എ.എം. ആരിഫ്
ശ്രീ. വി. ജോയി

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് സാഹസിക വിനോദ സഞ്ചാരത്തിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പർവ്വതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. ഈ അനന്ത സാദ്ധ്യതകൾ മനസ്സിലാക്കി കേരളത്തെ ഒരു സുസ്ഥിര സാഹസിക വിനോദ സഞ്ചാര മേഖലയായി ഉയർത്തുക എന്നതാണ് വിനോദ സഞ്ചാര വകുപ്പിന്റെ ഉദ്ദേശലക്ഷ്യം. കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പുത്തൻ കാൽച്ചുവടായ സാഹസിക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനു സാദ്ധ്യതയുള്ള മേഖലകളിൽ പഠനം നടത്തി പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാഹസിക വിനോദ സഞ്ചാര മേഖലയിൽ യുവാക്കളുടെ ആഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദ സഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാഹസിക ടൂറിസത്തെക്കുറിച്ച് |

സഞ്ചാരികളിലേയ്ക്ക് മതിയായ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിച്ചു. ഇതിനുപുറമെ താഴെപ്പറയുന്ന കേന്ദ്രങ്ങളിലും സാഹസിക വിനോദ സഞ്ചാരം നടത്തിവരുന്നു.

- പാരാഗ്ലൈഡിംഗ്, സിപ് ലൈൻ - വാഗമൺ
- കയാക്കിംഗ് - എറണാകുളം, കണ്ണൂർ, ചാലിയാർ പ്പുഴ – കോഴിക്കോട്
- ട്രെക്കിംഗ് - വയനാട്, തേക്കടി, അഗസ്ത്യാർകൂടം
- പാരാമോട്ടോർ ഗ്ലൈഡിംഗ് - ആലപ്പുഴ, കണ്ണൂർ
- സ്കൂബാ ഡൈവിംഗ് - കോവളം, എറണാകുളം
- സിപ് ലൈൻ - വയനാട്, ഇടുക്കി
- വൈറ്റ് വാട്ടർ റാഫ്റ്റിംഗ് - കോഴിക്കോട്, കണ്ണൂർ
- അഡ്വഞ്ചർ പാർക്ക് - ജഡായു എർത്ത് സെന്റർ
- റിവർ റാഫ്റ്റിംഗ് - അതിരപ്പിള്ളി (തൃശ്ശൂർ)
- പെർമനന്റ് പാരാഗ്ലൈഡിംഗ് സെന്റർ - മൂന്നാർ
- വില്ലേജ് സൈക്ലിംഗ് - നെയ്യാർ ഡാം

"അഡ്വഞ്ചർ ആക്റ്റിവിറ്റീസ് ഇൻ കായംകുളം ലേക്ക് പാർക്ക്" എന്ന പദ്ധതിയ്ക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ഡി.റ്റി. പി.സി (through M/s.WAPCOS) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

കേരളത്തിൽ അഡ്വഞ്ചർ ആക്റ്റിവിറ്റീസ് നടത്തുന്നതിന് ഒരു ലൈസൻസിങ് അതോറിറ്റിയോ മാനദണ്ഡമോ നിലവിലില്ലാത്തതിനാൽ ടൂറിസം വകുപ്പിന്റെ കീഴിൽ അഡ്വഞ്ചർ ടൂറിസം ഗൈഡ് ലൈൻസ് തയ്യാറാക്കുന്നതിനുവേണ്ടി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ബി) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ;

ബി) ഉണ്ട്.

സി) കേരളത്തിന്റെ ഭൂപ്രകൃതി പരമാവധി പ്രയോജനപ്പെടുത്തി സാഹസിക വിനോദ സഞ്ചാര മേഖല വികസിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സൊസൈറ്റി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

സി) സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായ മേഖലകൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ അനന്ത സാദ്ധ്യതകൾ അന്താരാഷ്ട്രാ ശ്രദ്ധയിൽ കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ അന്തർദ്ദേശീയ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സംഘടന മികവ് കൊണ്ട് വൻ വിജയമായിരുന്ന ഇന്റർനാഷണൽ മൗണ്ടൻ ബൈക്ക് ചലഞ്ച് MTB കേരള 2014, 2015, 2016 എന്നിവ യൂണിയൻ ഇന്റർനാഷണൽ, സൈക്ലിംഗ് ഫെഡറേഷൻ ഓഫ് ഇൻഡ്യ എന്നിവരുടെ സാങ്കേതിക സഹകരണത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. അന്താരാഷ്ട്രാ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടിയ അഞ്ചു കിലോമീറ്റർ ദൈർഘ്യമുള്ള സർക്യൂട്ട് ട്രാക്ക് ആണ് MTB കേരള-യ്ക്കു വേണ്ടി തയ്യാറാക്കിയത്. MTB Kerala 2018-അഞ്ചാമത് എഡിഷൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പാരാഗ്ലൈഡിംഗ് ആഗ്രഹിക്കുന്നവർക്കായി പ്രത്യേക പരിശീലനം നൽകുവാൻ വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ വാഗമണ്ണിൽ ഒരു പാരാഗ്ലൈഡിംഗ് സെന്റർ ആരംഭിക്കുവാനും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ലക്ഷ്യമിടുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് പി.പി.പി. മോഡലിൽ സ്ഥാപിതമായി വരുന്ന ജഡായുപാറ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ